compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 11

**Tuesday, 11th August 2026**

1201 കർക്കടകം 26

**26th Karkadakam 1201**

1948 ശ്രാവണം 20

**20th Sravana 1948**

വാല്യം 15

**Vol. XV**

നമ്പർ
**No.** **32**

## Part III

## Industries and Commerce

©

കേരള സർക്കാർ

GOVERNMENT OF KERALA

2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**

**(ഹാജർ : ഷീബ എസ് )**

DICTSR/585/2021 – B2 **തീയ്യതി:** 19.06.25

**വിഷയം :-** വ്യവസായം – ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ – തൃശ്ശൂർ ഹോസ്പിറ്റൽ എക്യൂപ്മെൻറ് മാനുഫാക്ചറിംഗ് & എഞ്ചിനീയറിംഗ് എസ്.സി വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (R) 385 ഏങ്ങണ്ടിയൂർ കുണ്ടലിയൂർ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് – പുറപ്പെടുവിക്കുന്നു.

**പരാമർശം:-** 1. ഈ ഓഫീസിലെ 20.12.2022 തിയ്യതിയിലെ ഇതേ നമ്പർ നടപടിക്രമം.

2. 12/2/2025 തിയ്യതി ജൂനിയർ സഹകരണ ഇൻസ്പെക്ടർ (ലിക്വിഡേഷൻ), തൃശ്ശൂർ സമർപ്പിച്ച Liq/JCI/385/2022 നമ്പർ കത്ത്.

തൃശ്ശൂർ ജില്ലാ വ്യവസായകേന്ദ്രത്തിൽ 29/11/2013 ൽ രജിസ്റ്റർ ചെയ്ത തൃശ്ശൂർ ഹോസ്പിറ്റൽ എക്യൂപ്മെൻറ് മാനുഫാക്ചറിംഗ് & എഞ്ചിനീയറിംഗ് എസ്.സി വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (R) 385 ഏങ്ങണ്ടിയൂർ കുണ്ടലിയൂർ, തൃശ്ശൂർ ജില്ലയിലെ മുഴുവൻ താലൂക്കുകളും കോടശ്ശേരി പഞ്ചായത്ത് ഒഴികെ പ്രവർത്തന പരിധിയായി ഉൾപ്പെട്ട സംഘത്തിൽ 33 അംഗങ്ങൾ ഉണ്ടായിരുന്നു. ഹോസ്പിറ്റൽ ഉപകരണങ്ങളുടെ ഉത്പാദനവും വിപണനവും, എഞ്ചിനീയറിംഗ് ട്രെയിനിംഗ് തുടങ്ങിയ ഉദ്ദേശ്യത്തോടെ പ്രവർത്തനം ആരംഭിച്ച സംഘത്തിന് തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചില്ല. സംഘത്തിന് ഗവൺമെൻറിൽ നിന്ന് സാമ്പത്തിക സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല. സംഘാഗംങ്ങളായ 33 പേരിൽ നിന്നും പിരിച്ചെടുത്ത 10000 രൂപാ വീതം വിലയുള്ള ഓഹരി തുകയായ 3,30,000/- കേരളാ ബാങ്ക് വാടാനപ്പള്ളി ബ്രാഞ്ചിലുള്ള 151412002000402 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു.

സംഘത്തിന്റെ ആഡിറ്റ് നടത്തി ലഭ്യമാക്കുന്നതിനായി ആഡിറ്റ് ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ഓഡിറ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് അറിയാൻ സാധിച്ചു. സമാപ്തീകരണ നടപടികളുടെ ഭാഗമായി 13/08/2024 തീയതി പൊതുയോഗം വിളിച്ചു ചേർക്കുകയും സംഘാംഗങ്ങളായ 26 പേർ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ സംഘാംഗങ്ങൾക്ക് ഓഹരി തുക തിരികെ നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു.

സംഘം സമാപ്തീകരണ നടപടികകളുടെ ഭാഗമായി സംഘത്തിന്റെ പേരിൽ കേരളാ ബാങ്ക് വാടാനപ്പള്ളി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ ഓഹരി തുകയും ആർജ്ജിത പലിശയും കൂടിയുള്ള ബാലൻസ് തുകയായ 4,53,426/- രൂപാ (31/08/2024 തീയതി പ്രകാരം) ലിക്വിഡേറ്ററുടെ പേരിലേയ്ക്ക് മാറ്റുകയും ചെയ്തു.

തുടർന്ന് സംഘത്തിന്റെ മൊത്തം മെമ്പർമാരായ 33 അംഗങ്ങളിൽ 33 പേർ ഓഹരി തുക തിരികെ നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയും, ഓരോരുത്തരുടെയും ഓഹരി തുകയായ 10,000/- രൂപ അവരുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുള്ളതാണ്.

സംഘത്തിന് ആസ്തികളോ മറ്റ് ബാധ്യതകളോ ഒന്നുമില്ല. ഓഹരി തുക തിരികെ നൽകിയതിന് ശേഷം അക്കൗണ്ടിൽ ബാലൻസ് ഉണ്ടായിരുന്ന ആർജ്ജിത പലിശ 1,33,272.50/- രൂപ ലിക്വിഡേറ്ററുടെ പേരിലുള്ള കേരളാ ബാങ്ക് അയ്യന്തോൾ ബ്രാഞ്ചിലുള്ള 146512801000248 നമ്പർ കോമൺ ലിക്വിഡേഷൻ ഫണ്ട് അക്കൗണ്ടിലേയ്ക്കും മാറ്റുകയും ചെയ്തിട്ടുള്ളതാണ്.

സമാപ്തീകരണ നടപടികളുടെ പൂർത്തീകരണത്തിന്റെ അവസാന നടപടിയായ അന്തിമ പൊതുയോഗം 28/01/2025 തീയതിയിൽ ലിക്വിഡേഷൻ ഇൻസ്പെക്ടറുടെ അധ്യക്ഷതയിൽ വിളിച്ചു ചേർക്കുകയും സംഘാംഗങ്ങൾക്ക് സമാപ്തീകരണ നടപടികൾ വിശദീകരിച്ചു നൽകുകയും ചെയ്തിട്ടുള്ളതാണ്. സൂചന (2) പ്രകാരം സമാപ്തീകരണ നപടികൾ പൂർത്തീകരിച്ചിട്ടുള്ളതായി ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് 1969 ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം തൃശ്ശൂർ ഹോസ്പിറ്റൽ എക്യുപ്മെൻറ് മാനുഫാക്ചറിംഗ് & എഞ്ചിനീയറിംഗ് എസ്.സി വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (R) 385, എന്ന സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തുകൊണ്ടും രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരാവാകുന്നു. ലിക്വിഡേഷനുമായി ബന്ധപ്പെട്ട റിക്കാർഡുകൾ ഇന്നേ തിയ്യതി മുതൽ 3 വർഷത്തേക്ക് ലിക്വിഡേറ്റർ സൂക്ഷിക്കേണ്ടതും, ശേഷം രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്.

ഒപ്പ്

ജനറൽ മാനേജർ
ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.11 02:24:08 +05:30